**പാഠം 5** **ജനുവരി 27–ഫെബ്രുവരി 2**

# ഏദെനുശേഷമുള്ള കാര്യവിചാരകർ

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിന്: യെശ. 22:14–18; 1 കൊരി. 4:1–2; കൊലൊ. 2:2–3; എഫെ. 6:13–17; 2 കൊരി. 5:10.**

**മനഃപാഠവാക്യം : " ഞങ്ങളെ സുവിശേഷം ഭരമേല്പിക്കേണ്ടതിനു ഞങ്ങൾ ദൈവത്തിനു കൊള്ളാവുന്നവരായി തെളിഞ്ഞതുപോലെ ഞങ്ങൾ മനുഷ്യരെയല്ല ഞങ്ങളുടെ ഹൃദയം ശോധന ചെയ്യുന്ന ദൈവത്തെ അത്രേ പ്രസാദിപ്പിച്ചുകൊണ്ടു സംസാരിക്കുന്നതു" (1 തെസ്സ. 2:4).**

കാര്യവിചാരകത്വമായിരുന്നു ആദം ഹവ്വമാരുടെ ആദ്യ ജോലി. തോട്ടവും സകല അനുബന്ധ നിർമ്മിതിയും സൂക്ഷിക്കുന്നതിനും അതിൽ നിന്നും ആനന്ദം അനുഭവിക്കുന്നതിനും അവയെ അടക്കിവാഴുന്നതിനുമായി ദൈവം അവരെ ഏല്പിച്ചു. ഒന്നും അവരുടെ സ്വന്തമായിരുന്നില്ലതാനും. ദൈവം ഏല്പിച്ചവയുടെ പരിപാലകർ മാത്രമായിരുന്നു അവർ.

പാപത്തിനും ഏദെനിൽനിന്നുള്ള പുറത്താക്കലിനും ശേഷം കാര്യസ്ഥൻ എന്ന പദത്തിന്റെ നിർവചനം എന്താണെന്നാണ് ഈയാഴ്ച നാം ശ്രദ്ധയോടെ പഠിക്കുന്നത്. നമ്മളും കാര്യവിചാരകന്മാരാണ്, പക്ഷേ നാം ആയിരിക്കുന്ന സാഹചര്യം ആദവും ഹവ്വയും ആയിരുന്ന സാഹചര്യത്തിൽനിന്നും തികച്ചും വിഭിന്നമാണ്.

എന്താണ് കാര്യവിചാരകത്വം? വേദപുസ്തകത്തിലെ ചില വ്യക്തികളുടെ ജീവിതങ്ങളിൽ നിന്നും നമുക്കതിനുള്ള ഉത്തരം ലഭിക്കും. ചില വാക്യങ്ങളും ഇതിനുള്ള ഉത്തരം വ്യക്തമായി നൽകുന്നുണ്ട്. നാം ദൈവത്തിന്റെ കാര്യസ്ഥന്മാർ ആകുമ്പോൾ നമ്മുടെ ദൃഷ്ടികേന്ദ്രം ലൗകീകതയിൽ നിന്നും മാറി സ്രഷ്ടാവിലും അവന്റെ നിയോഗത്തിലേക്കും തിരിയും. ആദാമിനും ഹവ്വയ്ക്കും എന്നപോലെ ദൈവം നമുക്കും ദിവ്യമായ ഉത്തരവാദിത്വങ്ങളെ ഭരമേല്പിച്ചിരിക്കുന്നു. ഏദെനിലെ വീഴ്ചയ്ക്കുശേഷം കാര്യവിചാരക കൃത്യത്തിൽ മാറ്റം വന്നു. നാസ്തിക ലോകത്തെ പരിപാലിക്കുക എന്ന ഉത്തരവാദിത്വത്തോടൊപ്പം ആത്മിക സത്യങ്ങളുടെ നല്ല കാര്യസ്ഥന്മാരായിരിക്കാനും നാം ഭരമേല്പിക്കപ്പെട്ടിരിക്കുന്നു.

**ഞായർ** **ജനുവരി 28**

**പഴയനിയമത്തിലെ കാര്യവിചാരകൻ**

പഴയനിയമത്തിൽ 'കാര്യസ്ഥൻ' എന്ന പദം തന്നെ വളരെ ചുരുക്കം പ്രാവശ്യമേ വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളൂ. പലപ്പോഴും 'വീട് നടത്തിപ്പുകാരൻ' എന്ന അർത്ഥത്തിലാണ് അവയുള്ളത്. മേൽനോട്ടക്കാരൻ എന്നും പറയാം. (ഉല്പ. 43: 19; 44:1, 4; 1 രാജാ.16:9). വീട്ടുടയവന്റെ ആവശ്യപ്രകാരം വീട്ടുകാര്യങ്ങളെയും വീട്ടിലെ സമ്പത്തിനെയും പാലനം ചെയ്യുവാനുള്ള ഉത്തരവാദിത്വം കാര്യസ്ഥനിൽ നിക്ഷി

പ്തമായിരുന്നു. പഴയനിയമ കാലത്തെ കാര്യസ്ഥന്റെ നിർവചനം അവന്റെ സവിശേഷതകളിലൂടെ തിരിച്ചറിയാമായിരുന്നു. കാര്യസ്ഥന്മാരെ ഉത്തരവാദിത്വങ്ങളിൽനിന്നും മാറ്റി നിർത്തുവാൻ ആകുമായിരുന്നില്ല, കാരണം, ഉത്തരവാദിത്വങ്ങളായിരുന്നു അവരുടെ വ്യക്തിത്വത്തെ നിർവചിച്ചിരുന്നത്.

കാര്യസ്ഥന്റെ ചില സവിശേഷതകളെക്കുറിച്ചു പഴയ നിയമം വ്യക്തമാക്കുന്നുണ്ട്. ഒന്നാമത്, കാര്യസ്ഥന്റെ സ്ഥാനം വളരെ ഉത്തരവാദിത്വപ്പെട്ട ഒന്നായിരുന്നു (ഉല്പ. 39:4). കഴിവുകൾക്കനുസരണമായിട്ടായിരുന്നു അവർ തിരഞ്ഞെടുക്കപ്പെട്ടിരുന്നത്. വിശ്വസ്തമായി ജോലി ചെയ്യുന്നതിലൂടെ അവർ തങ്ങളുടെ യജമാനന്മാരിൽ നിന്നും വലിയ ബഹുമാനവും വിശ്വാസവും ആർജ്ജിച്ചു. രണ്ടാമത്, നോക്കി നടത്തുന്നതിനായി തങ്ങളെ ഏല്പിച്ചിരിക്കുന്നതെല്ലാം ഉടമസ്ഥന്റെ സ്വന്തമാണെന്ന് കാര്യവിചാരകൻ നന്നായി അറിഞ്ഞിരുന്നു (ഉല്പ. 24:34-38). കാര്യസ്ഥനും ഉടമസ്ഥനും തമ്മിലുള്ള പരമപ്രധാനമായ വ്യത്യാസം ഇതാണ്. കാര്യസ്ഥർ അവരുടെ സ്ഥാനം എന്താണ് എന്നത് മനസ്സിലാക്കിയിരുന്നു. മൂന്നാമത്, തങ്ങളെ ഏല്പിച്ചിരുന്നതായ വസ്തുക്കളിൽ നിന്നും എന്തെങ്കിലും അവർ അവരുടെ സ്വന്തം ഉപയോഗത്തിനായി എടുത്തപ്പോഴൊക്കെയും അവരും ഉടമസ്ഥരും തമ്മിലുള്ള ബന്ധം തകരുകയും പിരിച്ചുവിടപ്പെടുകയും ചെയ്തിട്ടുണ്ട് (ഉല്പ. 3:23; ഹോശേ.6:7).

**വായിക്കുക:** യെശ. 22:14-18. ഹിസ്കീയാവിന്റെ കാലത്തു ശെബ്നെയെ ഭണ്ഡാരപതിയും രാജാധാനി വിചാരകനുമായി നിയമിച്ചു. രണ്ടും വളരെ പ്രധാനപ്പെട്ട അധികാരങ്ങളായിരുന്നു. ആ സ്ഥാനങ്ങളെ ദുരുപയോഗം ചെയ്ത അയാൾക്ക് എന്ത് സംഭവിച്ചു?

"ഏതൊരു കാര്യസ്ഥനും തന്റെ യജമാനനുമായി അനുരൂപനാകുന്നു. അവൻ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുകയും യജമാനന്റെ സ്ഥാനത്തുനിന്ന് യജമാനൻ പ്രവർത്തിക്കുന്നതുപോലെ പ്രവർത്തിക്കുകയും ചെയ്യുന്നു. യജമാനന്റെ താല്പര്യം അവന്റെ താല്പര്യമായിത്തീരുന്നു. യജമാനന്റെ വിശ്വാസം ആർജ്ജിക്കുന്നതിലൂടെ കാര്യസ്ഥന്റെ പദവി മാന്യതയുള്ളതായിത്തീരുന്നു. ഏതെങ്കിലും രീതിയിൽ അവൻ സ്വാർത്ഥനായിത്തീർന്നു യജമാനന്റെ വസ്തുക്കളെ സ്വന്തം നേട്ടങ്ങൾക്കായി മാറ്റിയെടുക്കുകയോ ചെയ്താൽ അവൻ തന്റെ മേൽ അർപ്പിക്കപ്പെട്ട വിശ്വാസത്തെ വികടമാക്കുന്നു." EGW, Testimonies, Vol. 9 P. 246.

ഈ ജീവിതത്തിൽ നമുക്ക് ലഭിച്ചിരിക്കുന്നതൊക്കെയും പരിപാലനത്തിനായി ലഭിച്ചിരിക്കുന്നു എന്ന പ്രധാനപ്പെട്ട ആശയം അധികം നന്നായി നമുക്കെങ്ങനെ പഠിക്കുവാൻ സാധിക്കും? ഈ ബോദ്ധ്യം നമ്മുടെ പ്രവൃത്തികളെ എങ്ങനെ സ്വാധീനിക്കുന്നു.

**തിങ്കൾ** **ജനുവരി 29**

**കാര്യവിചാരകൻ പുതിയനിയമത്തിൽ**

കാര്യവിചാരകൻ എന്ന പദത്തിനു പുതിയനിയമത്തിൽ രണ്ടു മൂല പദങ്ങളാണുള്ളത്. epitropos എന്ന ആദ്യപദം മൂന്നു തവണയും 'oikonomos' എന്ന

രണ്ടാമത്തെ പദം പത്തു തവണയും ഉപയോഗിച്ചിരിക്കുന്നു. ഈ രണ്ടു പദങ്ങളും കാര്യസ്ഥന്റെ മേൽ ഉടമസ്ഥൻ അർപ്പിക്കുന്ന കാര്യനിർവ്വഹണ ഉത്തരവാദിത്വങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. വേദപുസ്തകം കാര്യസ്ഥന്മാരെ നിർവചിക്കുന്നത് അവർ ചെയ്യുന്ന പ്രവൃത്തികൾക്ക് അനുസരണമായിട്ടാണ്. പ്രതീക്ഷകൾക്കും ചുമതലകൾക്കും അനസുരണമായിട്ടാണ് പുതിയനിയമം പ്രത്യേകിച്ചും കാര്യസ്ഥനെ വർണ്ണിക്കുന്നത്. (ലൂക്കൊ. 12: 48; 1 കൊരി. 4:2). പഴയനിയമം കാര്യവിചാരകന്മാരെ നേരിട്ട് ചിത്രീകരിക്കുന്നതിലും അധികം ശ്രദ്ധ പതിപ്പിക്കുന്നത് ദൈവത്തിന്റെ ഉടമസ്ഥാവകാശത്തെ വിളംബരം ചെയ്യുന്നതിനാണ്. കാര്യവിചാരകൻ എന്ന ആശയം രണ്ടു നിയമങ്ങളിലും തുല്യമാണെങ്കിലും പുതിയനിയമം ആ ആശയത്തെ വെറും വീട് നോക്കിനടത്തുന്നവൻ എന്നതിൽനിന്നും കുറെക്കൂടി ഉന്നതവും വിശാലവുമായ തലത്തിലേക്ക് വ്യാപിപ്പിക്കുന്നു.

അവിശ്വസ്തനായ കാര്യവിചാരകന്റെ ഉപമയിൽ (ലൂക്കൊ. 16:1-15). യേശു കാര്യവിചാരകന്റെ നിർവചനം വിപുലീകരിക്കുന്നു. ഒരു കാര്യവിചാരകൻ സാമ്പത്തിക അത്യാഹിതത്തിൽനിന്നും രക്ഷപ്പെടുന്നു എന്നതിലും വലിയ പാഠമാണ് അവൻ ഇതിലൂടെ നൽകുന്നത്. വിശ്വാസത്തിന്റെ ബുദ്ധിപരമായ സാക്ഷാൽക്കാരത്തിലൂടെ ആത്മീയ അത്യാഹിതത്തിൽനിന്നും രക്ഷപ്പെടുന്നതിനുള്ള വഴിയായും ഈ ഉപമയെ കാണാവുന്നതാണ്. വിവേകശാലിയായ ഒരു കാര്യവിചാരകൻ യേശുവിന്റെ വരവിനായി തന്നെത്തന്നെ ഒരുക്കി കാത്തിരിക്കും. (മത്താ. 25:21

**വായിക്കുക:** 1 കൊരി. 4: 1-2; തീത്തൊ. 1:7; 1 പത്രൊ. 4:10. കാര്യവിചാരകന്മാരെക്കുറിച്ചും കാര്യവിചാരകത്വത്തെക്കുറിച്ചും ഈ വാക്യങ്ങൾ നമ്മോടു എന്ത് പറയുന്നു?

"ദൈവം എന്നിൽ ഭരമേല്പിച്ചിരിക്കുന്ന എല്ലാ ശേഷിയെയും എല്ലാ ശക്തിയെയും ഉത്തേജിപ്പിക്കുവാൻ ഞാൻ എന്റെ ഹൃദയത്തെ പരിശുദ്ധാത്മാവിനായി തുറക്കുമോ? അവന്റെ ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടിരിക്കുന്ന ഞാൻ ക്രിസ്തുവിന്റെ വകയാണ്. അവന്റെ കൃപയുടെ കാര്യസ്ഥനാണ് ഞാൻ". EGW, Fundamentals of Christian Education, P. 301.

ലൂക്കൊ. 12:35-48 ഭാഗത്തു 'കാര്യവിചാരകൻ' എന്ന വാക്കിനെ യേശു ഉപയോഗിക്കുന്നത് ആലങ്കാരികമായിട്ടുകൂടിയാണ്. ബുദ്ധിയുള്ള കാര്യസ്ഥൻ മനുഷ്യപുത്രന്റെ വരവിനായി ഒരുങ്ങുന്നതായി പറയുന്നു. അവിശ്വസ്തനായ കാര്യസ്ഥനെ യജമാനന്റെ വരവ് താമസിക്കുന്നതിനാൽ ഒരുക്കം ഉപേക്ഷിക്കുന്നവനായും ചിത്രീകരിച്ചിരിക്കുന്നു. അവിശ്വസ്തനായ കാര്യസ്ഥൻ ഒരു പ്രജാപീഢകനും ചുറ്റുമുള്ളവരെ അധിക്ഷേപിക്കുന്നവയുമായിത്തീരുന്നു. അവൻ ഒരിക്കലും നീതിപ്രവൃത്തികളുടെ മാതൃകയോ കൃപയുടെ നിർവാഹകനോ അല്ല.

ക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ നാം ദൈവത്തിന്റെ സാധന സമ്പത്തുകൾ നോക്കി നടത്തുന്നതിനായി വിളിക്കപ്പെട്ട കാര്യവിചാരകന്മാരായിത്തീരുന്നു. അതിലും ഉപരിയായി നാം പരിപാലിക്കേണ്ടതു സ്വർഗ്ഗത്തിനായി നമ്മെ ഒരുക്കുന്ന ക്രിസ്തീയ ജീവിതത്തിന്റെ ആത്മീയ യാഥാർത്ഥ്യങ്ങളെയാണ്.

**വായിക്കുക:** ലൂക്കൊ. 12:45. താമസം എന്ന ആശയത്തെക്കുറിച്ചു പലപ്പോഴും ബുദ്ധിമുട്ടുന്നവരായ നാം ഈ വഞ്ചനയിൽപ്പെടാതെയിരിക്കാൻ വിശേഷാൽ എന്തുകൊണ്ട് ശ്രദ്ധിക്കണം?

## ദൈവിക മർമ്മങ്ങളുടെ കാര്യവിചാരകർ

വായിക്കുക: കൊലൊ. 2:2–3; 1 തിമൊ. 3:16 എന്തിനെയാണ് ഇവിടെ 'മർമ്മം' എന്നു വിശേഷിപ്പിച്ചിരിക്കുന്നത്? മർമ്മം എന്ന വസ്തുത അതിനെ അറിയുവാനുള്ള പിരിധികളെക്കുറിച്ചു നമ്മോട് എന്ത് പറയന്നു?

നയമാത്യനായ സോഫർ ഇയ്യോബിനോടു പറയുന്നു: "ദൈവത്തിന്റെ ആഗാധത്വം നിനക്കു ഗ്രഹിക്കാമോ? സർവ്വശക്തന്റെ സമ്പൂർത്തി നിനക്കു മനസ്സിലാകുമോ?"(ഇയ്യോ. 11:7) 'മർമ്മം' എന്നാൽ കുഴയ്ക്കുന്ന, ഗൂഢമായ, അറിയപ്പെടാത്ത, വിശദീകരിക്കപ്പെട്ടിട്ടില്ലാത്ത, ദുർഗ്രഹമായ എന്നൊക്കെയാണ് അർത്ഥം. നമുക്ക് ഇപ്പോൾ ഗ്രഹിക്കാവുന്നതിനും അപ്പുറമാണെങ്കിലും, ദൈവിക മർമ്മങ്ങൾ തിരുവചനത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. അതിനാലാണ് അവ 'മർമ്മ'ങ്ങൾ ആയിരിക്കുന്നത്. ഏറ്റം ചെറിയ കാര്യങ്ങളും കാണണം എന്ന ആഗ്രഹത്തോടെ ആകാശത്തേക്കു നോക്കുന്ന ഹ്രസ്വദൃഷ്ടിക്കാരനെപ്പോലെയാണ് നാം ഓരോരുത്തരും. ദൈവം വെളിപ്പെടുത്തുന്നില്ലെങ്കിൽ അത്രയും ദൂരം കാണുവാൻ നമുക്കു കഴിയുകയില്ല.

വെളിപ്പെടുത്തപ്പെട്ടവയെക്കുറിച്ച് ആവ. 29:29 എന്താണ് പറയുന്നത്?

പൂർണ്ണമായും മനസ്സിലാക്കുവാൻ കഴിയാത്ത കാര്യങ്ങളുടെ കാര്യവിചാരകന്മാരാണ് നാം. വെളിപ്പാടും തിരുവെഴുത്തും വെളിവാക്കി തന്നിട്ടുള്ളതു മാത്രമേ നമുക്കറിവുള്ളൂ. നമുക്ക് ചെയ്യുവാൻ കഴിയുന്ന ഏറ്റവും വലിയ കാര്യവിചാരകത്വം "ക്രിസ്തുവിന്റെ ശുശ്രൂഷക്കാരും ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാരും" ആയി ജീവിക്കുക എന്നതാണ് (1 കൊരി. 4:1).

ദൈവത്തിന്റെ ഗൃഹവിചാരകന്മാർ എന്ന നിലയിൽ ദൈവം വെളിപ്പെടുത്തിയിരിക്കുന്ന ദിവ്യ സത്യങ്ങളെ  സംരക്ഷിക്കുകയും പഠിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്. ഇത് എങ്ങനെ ചെയ്യുന്നു എന്നതാണ് ആത്യന്തികമായ കാര്യവിചാരകത്വം. അതിന്റെ അർത്ഥം നാം, "വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനസ്സാക്ഷിയിൽ വെച്ചുകൊള്ളുന്നവർ "ആകുന്നു എന്നാണ് (1 തിമൊ. 3:9).

"മഹത്വത്തിന്റെ പ്രത്യാശയായ" ക്രിസ്തുവിനെ അനുഭവിക്കുക എന്നതാണ് എല്ലാറ്റിലും വലിയ മർമ്മം. രക്ഷാപദ്ധതി അലൗകികവും നമുക്ക് പൂർണ്ണമായി ഗ്രഹിക്കുവാൻ അസാധ്യമായതുമാണ്. ഉളവായതിനെ ഒക്കെയും ഉളവാക്കിയ (യോഹ. 1:1–3) സൃഷ്ടികർത്താവ് 'ജഡത്തിൽ വെളിപ്പെടുവാനായി' ഭൂമിയിലേക്ക് വന്നത് (EGW, Manuscript, Vol  6 P 112).  മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾക്കായി യാഗമായിത്തീരേണ്ടുന്നതിനായാണ്. ഈ മർമ്മങ്ങൾ ഒരുപക്ഷേ ഒരു സൃഷ്ടിക്കും പൂർണ്ണമായി ഗ്രഹിക്കുവാനാകുകയില്ല. യേശു ഭൂമിയിലേക്ക് വന്നതിന്റെ മർമ്മം മനസിലാക്കുവാനായി  "ദൈവദൂതന്മാരും കുനിഞ്ഞു നോക്കുവാൻ ആഗ്രഹി

ക്കുന്നു" (1 പത്രൊ. 1:12). എന്നാൽ അവർക്കു അറിവുള്ള കാര്യങ്ങൾ അവന്റെ നന്മയെയും മഹത്വത്തെയുംകുറിച്ച് അവനെ സ്തുതിക്കുവാനായി നമ്മെയെല്ലാം ഇടയാക്കുന്നു (വെളി. 5:13).

സുവിശേഷത്തിന്റെ കാര്യവിചാരകനായി താങ്കൾ വിളിക്കപ്പെട്ടിരിക്കുന്നു. എന്ത് ഉത്തരവാദിത്വങ്ങളാണ് അത് താങ്കൾക്കു നൽകുന്നത്?

**ബുധൻ** **ജനുവരി 31**

**ആത്മീയ സത്യങ്ങളുടെ കാര്യവിചാരകർ**

കാര്യവിചാരകത്വത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഗോചരമായവയെക്കുറിച്ചു ചിന്തിക്കുക എന്നത് ശരി തന്നെയാണ്. എന്നാൽ കാര്യവിചാരകത്വം അതിനൊക്കെ അതീതമായ കാര്യമാണ്. ഗോചരമായ സമ്പാദ്യങ്ങൾപ്പോലെ തന്നെ അഗോചരമായ സിദ്ധികളും ആത്മീയ വാസനകളും ദൈവദത്തമാണ് (1 പത്രൊ. 4:10). ഇവ നമ്മെ ക്രിസ്തുവിലാക്കുവാനും ക്രിസ്തീയ സ്വഭാവം വളർത്തുവാനും അവൻ ആഗ്രഹിക്കുന്ന ജനമായിത്തീരുവാനും സഹായിക്കുന്നു. ആകയാൽ അഗോചര വാസനകളെ ഗോചര വസ്തുക്കളെക്കാളധികം ശ്രദ്ധയോടെ പരിപാലിക്കേണ്ടതാണ്. കാരണം, അവയ്ക്ക് അപാരമായ മൂല്യം ഉണ്ട്.

**വായിക്കുക:** എഫെ. 6:13-17. പരിപാലനത്തിനായി ദൈവം നമുക്ക് തന്നിരിക്കുന്നതെന്തൊക്കെയാണ്? എന്തുകൊണ്ടാണ് ഇവയുടെ ശരിയായ നടത്തിപ്പ് നമ്മെ സംബന്ധിച്ചിടത്തോളം നിർണ്ണായകമാകുന്നത്?

"ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ" (റോമ. 6:23). ഈ ലോകത്തിലുള്ള യാതൊന്നിനും നമുക്ക് രക്ഷയെ പ്രദാനം ചെയ്യുവാൻ കഴിയുകയില്ല. രക്ഷയും വീണ്ടെടുപ്പും ദൈവത്തിന്റെ ദാനമാണ്. അതാണ് നമ്മുടെ ഏറ്റവും വലിയ സമ്പത്ത്. രക്ഷയെ കുറിച്ചുള്ള ഈ യാഥാർത്ഥ്യത്തെ നാം എപ്പോഴും മുൻപിൽ വയ്ക്കേണ്ടതാണ്. ദൈവം നമുക്ക് തന്നിട്ടുള്ള മറ്റു സമ്പത്തുകൾ എങ്ങനെ പരിപാലിക്കണം എന്നതിനാവശ്യമായ ശരിയായ കാഴ്ചപ്പാട് അത് നമുക്ക് നൽകും.

"കാൽവറിയിൽനിന്നും തെളിയുന്ന പ്രകാശത്തിൽ മാത്രമേ പ്രകൃതിയുടെ ശിക്ഷണത്തെ ശരിയായി വായിക്കുവാൻ കഴിയുകയുള്ളു. ബേത്ലഹെമും കുരിശും നൽകുന്ന പാഠങ്ങളിലൂടെ തിന്മയെ നന്മ കീഴടക്കും എന്നതും നമുക്ക് ലഭിക്കുന്ന ഓരോ അനുഗ്രഹവും വീണ്ടെടുപ്പിന്റെ ദാനമാണ് എന്നതും പ്രകടമാക്കപ്പെടട്ടെ" EGW, Education, P. 101.

ആത്യന്തികമായി യേശു വില നല്കിയതിനാലാണ് വീണ്ടെടുപ്പ് നമ്മുടേതായിരിക്കുന്നതു. പൗലൊസ് വ്യക്തമാക്കുന്നു: "അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ടു" (എഫെ. 1:7). 'നമുക്ക്...ഉണ്ട്' എന്ന വാക്കുകൾ ശ്രദ്ധിക്കുക, ദൈവം നമുക്ക് തന്നത് കൊണ്ടാണ് അത് നമ്മുടേതായിരിക്കുന്നത്. ആകയാൽ ദുഷ്ടൻ വന്നു നമ്മുടെ രക്ഷയെ എടുത്തുകൊണ്ട് പോകാതിരിക്കാൻ "ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊള്ളേണ്ടത് എത്രയോ

അത്യന്താപേക്ഷിതമാണ്" (എഫെ. 6:11). നമ്മുടെ അനുവാദം കൂടാതെ അവന് അതു ചെയ്യുവാൻ കഴിയുകയില്ല. നാം ദൈവവചനത്തെ അനുസരിക്കാതെ ഇരിക്കുന്നതി ലൂടെയായിരിക്കും അത് സംഭവിക്കുന്നത് (എഫെ. 6:17). അനുസരണത്തിലൂടെയാണ് നമുക്ക് സംരക്ഷണം ലഭിക്കുന്നത്.

**വായിക്കുക:** എഫെ. 6:13-17. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എങ്ങനെ യാണ് ധരിക്കുക? സർവ്വായുധവർഗ്ഗത്തിലൂടെ നമുക്ക് ലഭിച്ചിരിക്കുന്ന സർവ്വത്തിനും നാം കാര്യസ്ഥരായിരിക്കുന്നതു എങ്ങനെയാണ്?

**വ്യാഴം** **ഫെബ്രുവരി 1**

**കാര്യവിചാരകരായ നമ്മുടെ ചുമതലകൾ**

വ്യക്തിപരമായ ഉത്തരവാദിത്വത്തിന്റെ ധാർമ്മികതത്വത്തെ അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുവാനുള്ള സന്നദ്ധതയ്ക്കനുസരണമായാണ് കാര്യവിചാരകർ നിർവ്വചിക്കപ്പെടുന്നത്. നമ്മുടെ പ്രവർത്തികളും നാം എടുക്കുന്ന തിരഞ്ഞെടുപ്പുമാണ് വ്യക്തിപരമായ ചുമതലകളുടെ സമ്മതപത്രം. അത് കാരണവും പ്രഭാവവും തമ്മി ലുള്ള ബന്ധത്തെ വ്യക്തമാക്കുന്നു. ഒരു കാര്യവിചാരകൻ ഉത്തരവാദിത്വത്തെ ഏറ്റെടു ക്കുവാൻ സന്നദ്ധതയുള്ളവൻ ആയിരിക്കണം. അവൻ ഉടമസ്ഥന്റെ മനസ്സറിഞ്ഞു ഏകാഗ്രതയോടെ പ്രവർത്തിക്കണം. ഈ കാര്യങ്ങൾ ദൈവവുമായുള്ള അവന്റെ ബന്ധത്തെ ഉറപ്പിക്കുന്നു.

"മനുഷ്യരെ താനുമായി നേരിട്ടുള്ള ബന്ധത്തിലെത്തിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. മനുഷ്യരുമായുള്ള എല്ലാ ഇടപാടുകളിലും അവന്റെ വ്യക്തിഗത ചുമതലയുടെ തത്വത്തെ അംഗീകരിക്കുന്നു. വ്യക്തിപരമായ ആശ്രയത്തെയും വ്യക്തിഗത മാർഗ്ഗനിർദ്ദേശത്തെയും പ്രോത്സാഹിപ്പിക്കുന്നു. അവന്റെ ദാനങ്ങൾ വ്യക്തികൾക്കുള്ളതാണ്. എല്ലാവരെയും ദൈവം വിശുദ്ധ നിക്ഷേപങ്ങളുടെ കാര്യ വിചാരകന്മാരാക്കിയിരിക്കുന്നു. ദാതാവിന്റെ നിർദ്ദേശങ്ങൾക്കനുസരണമായി ഓരോരു ത്തരും താന്താന്റെ ചുമതലകളെ നിർവഹിക്കണം; ഓരോരുത്തരും ദൈവസന്നിധി യിൽ തന്റെ കാര്യസ്ഥതയെക്കുറിച്ച് കണക്കു ബോധിപ്പിക്കുകയും വേണം." EGW, Testimonies, Vol. 7 P.176.

കാര്യസ്ഥരായിരിക്കുന്ന നാം നമ്മുടെ ഉത്തരവാദിത്വത്തെ മറ്റൊരു വ്യക്തി യെയോ മറ്റൊരു സംഘടനയെയോ ഏൽപ്പിക്കില്ല. വ്യക്തിപരമായി നമുക്ക് കടപ്പാടു ള്ളതു ദൈവത്തോടാണ്. മറ്റുള്ളവരോടുള്ള നമ്മുടെ സമ്പർക്കത്തിൽ അത് പ്രതി ഫലിക്കുകയും ചെയ്യണം (ഉല്പ.39:9; ദാനി.3:16). നമ്മുടെ മുൻപിലുള്ള കർത്തവ്യത്തെ നിറവേറ്റുവാൻ നമ്മുടെ കഴിവിന്റെ പരമാവധി ശ്രമിക്കാം. ദൈവത്തിന്റെ ദൃഷ്ടിയിൽ വിജയം എന്നത് ബുദ്ധിയെക്കാളും കഴിവിനെക്കാളും അധികം വിശ്വാസ ത്തെയും വിശുദ്ധിയെയും ആശ്രയിച്ചാണിരിക്കുന്നത്.

**വായിക്കുക:** 2 കൊരി. 5:10. വിവേകമുള്ള കാര്യവിചാരകൻ എന്ന പശ്ചാത്തല ത്തിൽ ഈ വാക്കുകളെ നാം എങ്ങനെ മനസ്സിലാക്കുന്നു?

സ്വതന്ത്ര ഇച്ഛ എന്നാൽ എന്ത് എന്നത് തത്വജ്ഞാനികളും മതപണ്ഡിതരും വർഷങ്ങളായി ചിന്തിച്ചുകൊണ്ടിരിക്കുന്ന ഒരു വിഷയമാണ്. മനുഷ്യരായ നമുക്ക്

സ്വാതന്ത്ര ഇച്ഛയും സ്വാതന്ത്ര തിരഞ്ഞെടുപ്പും ഉണ്ട് എന്നതിൽ തിരുവചനം വളരെ വ്യക്തമാണ്. അല്ലാത്ത പക്ഷം പ്രവൃത്തികൾക്കു അനുസരണമായി നാം ന്യായം വിധിക്കപ്പെടും എന്ന ആശയം അർത്ഥശൂന്യമാണ്. ആകയാൽ നാം ചെയ്യുന്ന സകലത്തിലും ദൈവകൃപയാൽ ശരിയായ തീരുമാനങ്ങളെ എടുക്കുക എന്ന വ്യക്തിപരമായ ഉത്തരവാദിത്വം നമുക്കുണ്ട്. നമ്മുടെ യജമാനന്റെ വിശ്വസ്തരായ കാര്യവിചാരകരന്മാരായിരിക്കുക എന്നതും അതിൽ ഉൾപ്പെടുന്നു.

**വെള്ളി** **ഫെബ്രുവരി 2**

**കൂടുതൽ ചിന്തയ്ക്ക്:** കാര്യവിചാരകൻ എന്ന് പഴയനിയമത്തിൽ ഭാഷാന്തരം ചെയ്യപ്പെട്ടിട്ടുള്ള പദം ഉണ്ടായിരിക്കുന്നത് 'വീടിനു മുകളിൽ ആയിരിക്കുന്നവൻ' എന്നർത്ഥം വരുന്ന'asher al bayt' എന്ന എബ്രായ പദ സമുച്ചയത്തിൽ നിന്നാണ്. ഉദാഹരണത്തിന് ഉല്പ. 43:19 നെ നമുക്കിങ്ങനെ ഭാഷാന്തരം ചെയ്യാം: "അവർ യോസേഫിന്റെ ഗൃഹ വിചാരകന്റെ അടുക്കൽ ചെന്നു, വീട്ടുവാതില്ക്കൽവെച്ച് അവനോടു സംസാരിച്ചു:" കുടുംബം വീടിന്റെ ഭാഗമാണെന്നു ഒരുവൻ ചിന്തിക്കുന്നുണ്ടെങ്കിൽ, ആ വ്യക്തിക്ക് തന്റെ വീടിനെക്കാൾ വലുതായി എന്താണുള്ളത്?

ആകയാൽ തനിക്കു സ്വന്തമല്ലാത്തതായ നിരവധി വിലപ്പെട്ട കാര്യങ്ങൾ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ഒരാളാണ് കാര്യവിചാരകൻ. അത് സ്വന്തമായതിനെ പരിരക്ഷിക്കുന്നതിലും അധികം ഉത്തരവാദിത്വത്തോടെ ചെയ്യണ്ട ഒന്നാണ്.

ഇതേ ആശയം തന്നെ പുതിയനിയമത്തിലും നാം കാണുന്നു. "പുതിയ നിയമം പഴയനിയമ ആശയങ്ങളെ എടുത്ത് ഒന്നാം നൂറ്റാണ്ടിലെ ആശയങ്ങളോടും ധാരണയോടും വാക്കുകളോടും ചേർത്ത് കാര്യവിചാരക തത്വത്തെക്കുറിച്ചുള്ള തിരുവചന ഉപദേശത്തെ വിശാലവും സമ്പന്നവുമാക്കിത്തീർക്കുന്നു. കാര്യവിചാരകത്വവുമായി ബന്ധപ്പെട്ടിട്ടുള്ള ഗ്രീക്കു പദങ്ങളെല്ലാം വീട് എന്ന് അർത്ഥം വരുന്ന oikia / oikos എന്ന പദങ്ങളിൽ നിന്നും ഉത്ഭവിച്ചവയാണ്. oikonomos എന്നാൽ വീട് സൂക്ഷിക്കുന്ന വ്യക്തി (house manager), പരിപാലകൻ അഥവാ കാര്യവിചാരകൻ. oikonomia എന്നത് ഒരു അഗോചര നാമരൂപമാണ്. 'ഭവന പരിപാലനം' എന്നാണതിന്റെ അർത്ഥം." Hand book of SDA Theology P. 653.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ :**

1. വിലക്കപ്പെട്ട കനി തിന്നതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിന് പകരം ആദം എന്തു മറുപടിയാണു ദൈവത്തോടു പറഞ്ഞത്? (ഉല്പ. 3:12). പാപത്തിന്റെ പഴിയെ ഒരുവനിൽ നിന്നും മറ്റൊരുവനിലേക്കു മാറ്റുന്ന ഈ രീതി ആദ്യകാലം മുതൽക്കേ പാപത്തിന്റെ ഫലമായി ഉണ്ടായിരുന്നു എന്നതു എത്ര പ്രസക്തമാണ്? ആദാമിന്റെ ഈ പ്രതികരണം ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള അവന്റെ സന്നദ്ധതയെക്കുറിച്ച് എന്ത് പറയുന്നു? നമ്മുടെ സന്നദ്ധതയെക്കുറിച്ച് ഈ സ്വഭാവത്തിന് എന്താണ് പറയുവാനുള്ളത്? നമ്മുടെ തെറ്റുകൾക്കു മറ്റുള്ളവരെ പഴിക്കുന്ന പൊതുവായ രീതി നമുക്കെങ്ങനെ ഒഴിവാക്കാം?

2. ആത്മീക കാര്യവിചാരകത്വത്തെക്കുറിച്ച് ആഴമായി ചിന്തിക്കുക. അതിന്റെ അർത്ഥം എന്താണ്? ഈ കാര്യങ്ങളെ നാം എങ്ങനെയാണ് നിർവ്വഹിക്കുന്നത്?

3. വെളി. 14:6–12 വരെയുള്ള ത്രിവിധ ദൂതുകളെക്കുറിച്ച് ചിന്തിക്കുക. നാം കാര്യ വിചാരകന്മാരായിരിക്കേണ്ട എന്ത് മഹനീയ സത്യങ്ങളാണ് അതിലുള്ളത്?

4. നമുക്കു പൂർണ്ണമായും മനസ്സിലാകാത്തതായ ആത്മിക കാര്യങ്ങളെയും വിശ്വസിക്കുവാനും അതിൽ പ്രതീക്ഷയർപ്പിക്കുവാനും പഠിക്കേണ്ടത് എന്തുകൊണ്ട്?